പതിനഞ്ചാം കേരളനിയമസഭ
പതിമൂന്നാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
19-03-2025

നിയമനിർമ്മാണം

ഓർഡിനൻസ് കാലഹരണപ്പെട്ടത് സംബന്ധിച്ച്

2025 മാർച്ച് 19-ന് നിയമനിർമ്മാണകാര്യത്തിൽ, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിന്റെ അവതരണവേളയിൽ, ഓർഡിനൻസിനുപകരമുള്ള ബിൽ നിയമസഭാ സമ്മേളനം ആരംഭിച്ച തീയതി മുതൽ ആറാഴ്ചയ്ക്കുള്ളിൽ സഭ അംഗീകരിക്കണമെന്നാണ് ഭരണഘടന വ്യവസ്ഥ ചെയ്യുന്നതെന്നും 2024 ഡിസംബർ 19-ന് കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയതും 21-ന് അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതും 2025 ജനുവരി 21-ന് സഭയുടെ മേശപ്പുറത്ത് വച്ചതുമായ ഒന്നാണ് 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിന് ആധാരമായ 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ (2024-ലെ 3-ാംാം നമ്പർ ഓർഡിനൻസ്) ഓർഡിനൻസ് എന്നും പ്രസ്തുത ഓർഡിനൻസിനുപകരമുള്ള ബിൽ ഫെബ്രുവരി 27 നകം നിയമസഭ പാസ്സാക്കി ഗവർണ്ണറുടെ അംഗീകാരം വാങ്ങേണ്ടതായിരുന്നുവെന്നും അതിന് കഴിയാത്ത സാഹചര്യത്തിൽ ഓർഡിനൻസ് കാലഹരണപ്പെട്ടുവെന്നും അതിനാൽ 20 ദിവസം മുമ്പ് കാലഹരണപ്പെട്ട ഓർഡിനൻസിന് പകരമുള്ള ബിൽ ഇപ്പോൾ പരിഗണിക്കുന്നത് ക്രമപ്രകാരമല്ലെന്നും ഒരു പ്രതിപക്ഷാംഗം നിയമനിർമ്മാണവേളയിൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

2025 ഫെബ്രുവരി 13-ന് സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസംതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുകയും തുടർന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള

2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലാണ് സഭയുടെ പരിഗണനയ്ക്ക് വന്നിരിക്കുന്നതെന്നും സഭ സമ്മേളിക്കുന്ന തീയതി മുതൽ ആറാഴ്ച അവസാനിക്കുമ്പോൾ ഓർഡിനൻസ് കാലഹരണപ്പെടുമെന്നാണ് ഭരണഘടനയിൽ വ്യവസ്ഥ ചെയ്യുന്നതെങ്കിലും സഭയിൽ അവതരിപ്പിച്ച ബില്ലിലുൾപ്പെട്ട നിയമനിർമ്മാണ പ്രൊപ്പോസലുകൾ നിലനിർത്തുന്നതിനും അവയ്ക്ക് നിയമപ്രാബല്യവും തുടർച്ചയും നൽകി പാസ്സാക്കിയെടുക്കുന്നതിനുമായി ഓർഡിനൻസിന് പ്രാബല്യമില്ലാതായ കാലയളവിലേക്കുകൂടി നിയമ വ്യവസ്ഥകൾ ബാധകമാകുന്ന തരത്തിൽ സാധൂകരണ വ്യവസ്ഥ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിൽ ഔദ്യോഗിക ഭേദഗതിയായി ഉൾപ്പെടുത്തി നിയമം കൊണ്ടുവരുന്നതാണെന്നും ഓർഡിനൻസ് ലാപ്സായിയെന്നതുകൊണ്ടുമാത്രം സഭയുടെ പരിഗണനയിലിരിക്കുന്ന ഒരു ബിൽ അസാധുവാക്കാൻ സാധിക്കില്ലെന്നും ഇതുമായി ബന്ധപ്പെട്ട് നിരവധി കീഴ്വഴക്കങ്ങളും റൂളിംഗുകളുമുണ്ടെന്നും അതിനാൽ തടസ്സവാദം നിലനിൽക്കില്ലെന്നും ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

സഭ പരിഗണിക്കാനിരിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലിന് ആധാരമായ 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് (2024-ലെ 3-ാം നമ്പർ ഓർഡിനൻസ്) റദ്ദായിപ്പോയ സാഹചര്യത്തിൽ, പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിലെ അസാംഗത്യത്തിൽ നിലവിലെ നിയമവ്യവസ്ഥയെയും നിയമസഭയിലെ കീഴ്വഴക്കത്തെയും സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം സംബന്ധിച്ച് ഭരണഘടന വ്യവസ്ഥകൾ, നടപടി

[+].

ചട്ടങ്ങളിലെ വ്യവസ്ഥകൾ, കീഴ്വഴക്കങ്ങൾ എന്നിവയെ സംബന്ധിക്കുന്ന യാതൊരു ലംഘനവും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല, സമാന സ്വഭാവമുള്ള നിരവധി സന്ദർഭങ്ങളിൽ ഓർഡിനൻസിന് പകരമുള്ള ബില്ലുകൾ കേരള നിയമസഭയിൽ അവതരിപ്പിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.